1/267237/2024

**പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം - വയനാട് ജില്ല – കൽപ്പറ്റ നഗരസഭ- കൽപ്പറ്റ വില്ലേജ്- നിർമ്മാണം പൂർത്തിയാക്കിയ ഓഡിറ്റോറിയം ക്രമവത്ക്കരിക്കുന്നതിന് - കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കൽപ്പറ്റ നഗരസഭ സെക്രട്ടറിയുടെ 19/12/2023, 31/01/2024 എന്നീ തീയതികളിലെ യഥാക്രമം ബി.എ-212/2023, ബി2/13687/2023 നമ്പർ കത്തുകൾ

2. വയനാട് ജില്ലാ ടൗൺപ്ലാനറുടെ 05/02/2024 ലെ LSGD/JD/WYD/1557/2023-F1 നമ്പർ കത്ത്.

==================================================

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. LSGD/PD/8384/2024-TCPA2 തീയതി:22-04-2024

==================================================

വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭ പരിധിയിലുള്ള കൽപ്പറ്റ വില്ലേജിൽ റീ സർവ്വേ നമ്പർ 474/14, 474/16, 474/12-2 എന്നിവയിൽ ഉൾപ്പെട്ട 0.52223 ഹെക്ടർ സ്ഥലത്ത് 1597.03 ച.മീ വിസ്തീർണ്ണത്തിൽ നിർമ്മിച്ച ഓഡിറ്റോറിയം ക്രമവത്ക്കരിക്കുന്നതിനുള്ള കൺകറൻസ് അംഗീകാരത്തിനായി ശ്രീ.മുഹമ്മദ് മുഹ്സിൻ, ശ്രീമതി.സാജിത ബൈതുൽ സലാം, ഫ്രാൻസിസ് റോഡ്,ഹെഡ് പോസ്റ്റ് ഓഫീസ്, കോഴിക്കോട്-673001 എന്നിവർ പരാമർശം (1) പ്രകാരം വയനാട് ജില്ലാ ടൗൺ പ്ലാനർക്ക് സമർപ്പിക്കുകയും ടി അപേക്ഷയിന്മേൽ ടി നിർമ്മാണ സ്ഥലം പരിശോധിക്കുകയും "DTP Scheme for Civil Station and Surroundings, Kalpetta എന്ന ടൗൺപ്ലാനിംഗ് സ്കീമിൽ അഗ്രികൾച്ചറൽ സോണിൽ ഉൾപ്പെടുന്ന ടി നിർമ്മാണത്തിന് 1597.03 ച.മീ built up Area ഉള്ളതിനാലും സർക്കാരിന്റെ 28/02/2020 ലെ G.O(Ms)NO. 44/2020/LSGD നമ്പർ Interim Department ഉത്തരവിലെ uses that shall be restricted/permitted by the secretary with the concurrence of the CTP concerned എന്നതിൽ ' any other use which are appropriate based on their character , location and compatibility' എന്ന clause കണക്കിലെടുത്തുകൊണ്ട് പ്രസ്തുത നിർ മാണത്തിന് ജില്ലാ ടൗൺ പ്ലാനറുടെ പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിന്റെയും ശുപാർശകളുടേയും അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും ചുവടെ വിവരിക്കുന്ന നിബന്ധനകൾക്കും വിധേയമായി DTP Scheme for Civil

Station and Surroundings, Kalpetta പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

## നിബന്ധനകൾ

1. KMBR 2019 ചട്ടം 9(2) പ്രകാരം അപേക്ഷകൻറെ സ്ഥലത്തിൻറെ ഉടമസ്ഥാവകാശം, നിർമാണാവകാശം,സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. DTP സ്കീം വ്യവസ്ഥകൾക്ക് അനുസൃതമായുള്ള കൺകറൻസ് മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. യൂസേജ് ഓഫ് പ്ലോട്ട് / ലേഔട്ട് അംഗീകാരം, കെട്ടിട നിർമ്മാണാനുമതി എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
3. KMBR 2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും നിരാക്ഷേപപത്രം ലഭ്യമാക്കിയിരിക്കണം.
4. നിർദ്ദിഷ്ട സ്ഥലത്തു പുറമ്പോക്കു ഭൂമി ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
5. നിർമ്മാണം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിനും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിട്ടുള്ളതാണെന്നും സമർപ്പിക്കപെട്ട പ്ലാനുകൾ പ്രകാരമാണെന്നും സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
6. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവുകൾ പാലിച്ചുകൊണ്ടാണ് നിർമ്മാണം നടത്തിയിരിക്കുന്നത് എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
7. നിർദിഷ്ട്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ്, 1963 ലെ കേരള ഭൂപരിഷ്കരണ നിയമം എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. നിർദിഷ്ട സ്ഥലത്ത് നിന്നും യാതൊരുവിധ മാലിന്യങ്ങളും സമീപ പ്രദേശങ്ങളിലേക്കോ ജല സ്രോതസ്സിലേക്കോ കലരുവാൻ പാടുള്ളതല്ല

I267237/2024

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Famidha Yoosaf.m
Date: 22-04-2024 15:10:34

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ജില്ലാ ടൗൺപ്ലാനർ, വയനാട്

പകർപ്പ്:-

1. ശ്രീ.മുഹമ്മദ് മുഹ്സിൻ, ബൈതുൽ സലാം, ഫ്രാൻസിസ് റോഡ്, ഹെഡ് പോസ്റ്റ് ഓഫീസ്,കോഴിക്കോട്-673001
2. സെക്രട്ടറി, കൽപ്പറ്റ നഗരസഭ, വയനാട്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം